©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII
# (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം
# (SOCIAL SERVICES)

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-2022)

# FIRST REPORT ON THE SCRUTINY OF DEMANDS FOR GRANTS (2021-2022)

2021 ജൂലൈ 22-ാം തീയതി സമർപ്പിച്ചത്
(Presented on 22nd July, 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം

# (SOCIAL SERVICES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാത് റിപ്പോർട്ട്

(2021-2022)

FIRST REPORT ON THE SCRUTINY OF DEMANDS FOR GRANTS (2021-2022)

918/2021..

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII
# (സാമൂഹ്യസേവനം)
# (2021-2023)

## ഘടന

<u>ചെയര്‍മാന്‍</u> :

ശ്രീ. കെ. രാധാകൃഷ്ണന്‍,

പട്ടികജാതി പട്ടികവര്‍ഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം</u>:

ഡോ. ആര്‍. ബിന്ദു,

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

<u>അംഗങ്ങള്‍</u> :

ശ്രീ. കെ. ആന്‍സലന്‍

ശ്രീ. ഐ. സി. ബാലകൃഷ്ണന്‍

ശ്രീ. ഒ. ആര്‍. കേളു

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദന്‍

ശ്രീ. എം. നൗഷാദ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണന്‍ നായര്‍, സെക്രട്ടറി

ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണല്‍ സെക്രട്ടറി

ശ്രീ. അബ്ദുള്‍ നാസര്‍ എം., അണ്ടര്‍ സെക്രട്ടറി.

## അവതാരിക

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2021 ജൂൺ 17, 23 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക വിഭാഗങ്ങൾ/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി യോഗത്തിൽ പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആരായുകയും ചെയ്തിരുന്നു.

ഭരണഘടനാപരമായ സാമ്പത്തിക പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

2021 ജൂൺ 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. രാധാകൃഷ്ണൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2021 ജൂൺ 30.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

വോട്ട് ചെയ്തത് : 3202.0458 കോടി രൂപ

ചാർജ് ചെയ്തത് : 2,000 രൂപ

**പട്ടികജാതി വികസന വകുപ്പ്**

2225-01-001-94-34—വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭവും-മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ ( പ്ലാൻ)

1. പട്ടികജാതി വികസന വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലും 2 മേഖല ഓഫീസുകളിലും 2 ഐ. ടി. മേഖല ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനും 35 ഐ.ടി.ഐ., 43 പ്രീ-മെട്രിക് ഹോസ്റ്റൽ, 3 പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിൽ സ്ഥാപിച്ച സോളാർ പ്ലാന്റുകളുടെ തുടർചെലവ് വഹിക്കുന്നതിനും നന്ദാവനം ഓഫീസ്, അംബേദ്കർ ഭവൻ എന്നിവിടങ്ങളിൽ സ്ഥാപിച്ച സോളാർ പ്ലാന്റുകളുടെ തുടർചെലവിനത്തിലും ജില്ലാ ഓഫീസുകളുടെയും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും നന്ദാവനം ബിൽഡിംഗിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടും അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-102-91_—വാത്സല്യനിധി

ബഡ്ജറ്റ് വിഹിതം : 12 കോടി രൂപ (പ്ലാൻ)

2. വാർഷിക വരുമാന പരിധി 1 ലക്ഷത്തിൽ താഴെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതിപ്രകാരം നിലവിൽ 4500-ഓളം കുട്ടികൾക്ക് 39,000 രൂപ നിരക്കിൽ ആദ്യ ഗഡു തുക എൽ.ഐ.സി.ക്ക് കൈമാറുന്നതിനും നടപ്പുസാമ്പത്തികവർഷം 4000-ത്തിലധികം അപേക്ഷകൾ ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-192-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 92.05 ലക്ഷം (നോൺ പ്ലാൻ)

3. വകുപ്പിന്റെ നിയന്ത്രണത്തിലും ബ്ലോക്ക് പഞ്ചായത്തുകളുടെ മേൽനോട്ടത്തിലും പ്രവർത്തിച്ചുവരുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ അന്തേവാസികൾക്കാവശ്യമായ ഭക്ഷണം, യൂണിഫോം ഇനങ്ങളിലായി വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ആയത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-198-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്-വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 26.05 ലക്ഷം ( നോൺ പ്ലാൻ)

4. വകുപ്പിന്റെ നിയന്ത്രണത്തിലും വില്ലേജ് പഞ്ചായത്തിന്റെ മേൽനോട്ടത്തിലും പ്രവർത്തിച്ചുവരുന്ന നഴ്സറി സ്കൂളുകളിലെ കുട്ടികൾക്കാവശ്യമായ ഭക്ഷണം, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടി സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-277-67-05-01—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ -ഓഫീസ് ചെലവുകൾ-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 2,000 രൂപ ( നോൺ പ്ലാൻ)

5. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ വെള്ളക്കരം ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.94 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-277-67-05(02)—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ ( നോൺ പ്ലാൻ)

6. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-277-67-05(03)—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 31,000 രൂപ ( നോൺ പ്ലാൻ)

7. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ ടെലിഫോൺ ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-277-67-05(04)—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 52,000 രൂപ ( നോൺ പ്ലാൻ)

8. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ ഓഫീസ് ചെലവുകൾ, തപാൽ ചെലവുകൾ എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 34.58 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-277-67-45—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ-പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം : 6,000 രൂപ ( നോൺ പ്ലാൻ)

9. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളിലെ കോഴ്സ് നടത്തിപ്പ് പരിശോധിക്കുന്നതിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചെലവ് വഹിക്കുന്നതിന്

നിലവിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 19,000 രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-277-54—പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

10. പാലക്കാട് മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മറ്റ് ഭരണപരമായ ചെലവുകളും ടി ശീർഷകത്തിൽനിന്നും കണ്ടെത്തേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 62 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-283-89—ഭവനനിർമ്മാണം-ഭവനരഹിതർക്ക് ഭവനം

ബഡ്ജറ്റ് വിഹിതം : 200 കോടി രൂപ ( പ്ലാൻ)

11. ഭവനപൂർത്തീകരണ പദ്ധതികളിൽ 10,000 പേർക്ക് പുതുതായി ധനസഹായം അനുവദിക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിനും ഭവനനിർമ്മാണം, ഭവന പൂർത്തീകരണം, പഠനമുറി എന്നീ പദ്ധതികളുടെ സ്പിൽഓവർ ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിനും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-800-86—1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്രസഹായം)

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

12. പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരമുള്ള ആശ്വാസ ധനസഹായ തുക വർദ്ധിപ്പിച്ചതിനാലും എഫ്. ഐ. ആർ. സ്റ്റേജിൽ തുക നൽകേണ്ടി വരുന്നതിനാലും നടപ്പുസാമ്പത്തിക വർഷത്തിൽ ജില്ലകളിൽ ലഭ്യമായതും അനുമതി നൽകാത്തതുമായ മിശ്ര വിവാഹ ധനസഹായ അപേക്ഷകർക്കുകൂടി ആനുകൂല്യം അനുവദിക്കുന്നതിലേക്കും നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

ബഡ്ജറ്റ് വിഹിതം : 16 കോടി രൂപ (നോൺ പ്ലാൻ)

13. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇതര വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്നതിനും പോസ്റ്റ് ഗ്രാജ്വേറ്റ്/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പെൻഡ്, ഫീസ് സൗജന്യം എന്നിവ നൽകുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിനായുള്ള വരുമാന പരിധി 2014 മുതൽ 42,000 രൂപയിൽ നിന്നും 1,00,000 രൂപയായി വർദ്ധിപ്പിച്ചതിൻ പ്രകാരം വർദ്ധിച്ച അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെന്ന വസ്തുത സമിതി നിരീക്ഷിക്കുന്നു. മുൻവർഷങ്ങളിലെ കുടിശ്ശിക തീർക്കുന്നതിനും നടപ്പുവർഷത്തെ ആനുകൂല്യം പൂർണമായി വിതരണം ചെയ്യുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 58.35 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികവർഗ്ഗ വികസന വകുപ്പ്

2225-02-102-93—ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം (കോർപ്പസ് ഫണ്ട്)

ബഡ്ജറ്റ് വിഹിതം : 40 കോടി രൂപ ( പ്ലാൻ)

14. ബഹു. ഹൈക്കോടതിയുടെ 23-2-2021-ലെ WP(c) 31570/2011 നമ്പർ വിധിന്യായപ്രകാരം എല്ലാ പട്ടികവർഗ്ഗ ഊരുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ജില്ലാ ഓഫീസുകളിൽനിന്നും 43 കോടി രൂപയുടെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചുനൽകേണ്ടിയിരുന്ന തുക ഉൾപ്പെടെ ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-102-92—ഭക്ഷണസഹായ പരിപാടി

ബഡ്ജറ്റ് വിഹിതം : 25 കോടി രൂപ (പ്ലാൻ)

15. 2019-20 സാമ്പത്തികവർഷം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ഓണത്തിന് ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്ത ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് കുടിശ്ശികയായിട്ടുള്ള തുക നൽകുന്നതിനും കോവിഡ് 19 മഹാമാരിയെത്തുടർന്ന്

കണ്ടെയിൻമെന്റ് മേഖലകളിലുള്ള പട്ടികവർഗ്ഗ കോളനികളിലും രോഗബാധിതരുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പോഷകാഹാര കിറ്റ് വിതരണം ചെയ്യേണ്ട സാഹചര്യമുള്ളതിനാലും ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-102-85—പ്രത്യേകം നിർണ്ണയിക്കപ്പെട്ട അധിവാസ കേന്ദ്രങ്ങളിലെ പട്ടികവർഗ്ഗക്കാരുടെ സംയോജിത സമഗ്രവികസനം (എ.ടി.എസ്.പി. ഫണ്ട്/ പ്രത്യേക പാക്കേജ്)

ബഡ്ജറ്റ് വിഹിതം : 52 കോടി രൂപ ( പ്ലാൻ)

16. ദേശീയ തൊഴിലുറപ്പ് പരിപാടിയുടെ ഭാഗമായി നൽകിവരുന്ന 100 ദിവസത്തെ തൊഴിലിന് പുറമെ പട്ടികവർഗ്ഗക്കാർക്ക് 100 ദിവസം വരെ അധിക തൊഴിൽ നൽകുന്നതിനുള്ള പദ്ധതിയായ ട്രൈബൽ പ്ലസ് ഉൾപ്പെടെ 5 പദ്ധതികൾക്കായാണ് ടി ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. ട്രൈബൽ പ്ലസ്സിനുവേണ്ടി മാത്രമായി 50 കോടി രൂപ വേണ്ടിവരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-99—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ

ബഡ്ജറ്റ് വിഹിതം : 16.5 കോടി രൂപ (നോൺ പ്ലാൻ)

17. സംസ്ഥാനത്തെ പത്താംക്ലാസ്സ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പെന്റും 9-1-2020-ലെ സ. ഉ. (അച്ചടി) നമ്പർ 1/2020/പ.ജ.പ.വ.വി.വ. പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-52—പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 8.5 കോടി രൂപ ( പ്ലാൻ)

18. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എല്ലാ ഹോസ്റ്റലുകളിലെയും ഭൗതിക സാചര്യങ്ങൾ UNICEF നിഷ്കർഷിച്ച മാതൃകയിൽ ഉയർത്തുന്നതിന് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ആയതിന് നിലവിലുള്ള ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.5 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-35—പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ

ബഡ്ജറ്റ് വിഹിതം : 25.6 കോടി രൂപ (പ്ലാൻ)

19. 2021-22 സാമ്പത്തികവർഷം 150 സാമൂഹ്യപഠനമുറികൾ സ്ഥാപിക്കുന്നതിലേക്കും പഠനമുറികളുടെ പ്രവർത്തന ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 18.25 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-282-89—ജനനീ ജന്മരക്ഷ

ബഡ്ജറ്റ് വിഹിതം : 16.5 കോടി രൂപ ( പ്ലാൻ)

20. പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭാവസ്ഥയിലുള്ള അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണം ലക്ഷ്യമിട്ട് ഗർഭിണിയായതിന് ശേഷമുള്ള മൂന്ന് മാസം മുതൽ 18 മാസക്കാലയളവിൽ കുഞ്ഞിന് ഒരു വയസ്സ് പൂർത്തിയാകുന്നതുവരെ 2,000 രൂപ വീതം ഓരോ മാസവും നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വഴി ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിക്ക് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കിർത്താഡ്സ്**

2225-80-001-99-04-1—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) യാത്രാ ചെലവുകൾ-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (നോൺ പ്ലാൻ)

21. വിവിധ താലൂക്കുകളിൽനിന്നും പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ, ബഹു. ഹൈക്കോടതി എന്നിവിടങ്ങളിൽനിന്നും വരുന്ന ജാതി സംബന്ധമായ കേസുകളിൽ സ്ക്രൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയ്ക്കുവേണ്ടി അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർക്ക് സംസ്ഥാനമൊട്ടാകെ യാത്ര ചെയ്യേണ്ടി വരുന്നതിനാൽ മുൻവർഷങ്ങളിൽ കുടിശ്ശികയായിട്ടുള്ള യാത്രാബത്ത അനുവദിക്കുന്നതിനും നടപ്പുവർഷത്തെ യാത്രാചെലവിനുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-05-1—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഓഫീസ് ചെലവുകൾ-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 10,000 രൂപ (നോൺ പ്ലാൻ)

22. വകുപ്പിന് വെള്ളക്കരം ഇനത്തിൽ ഒരു വർഷത്തേക്ക് 30,000 രൂപ ആവശ്യമുള്ളതിനാലും അയ്യങ്കാളി ഭവനിൽ പ്രവർത്തിക്കുന്ന ഫീൽഡ് സ്റ്റേഷനിലെ വെള്ളക്കരം ഇനത്തിൽ 72,000 രൂപ കുടിശ്ശികയുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 92,000 രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-05-2—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 1.6 ലക്ഷം രൂപ (നോൺ പ്ലാൻ)

23. വകുപ്പിന്റെ നവീകരിച്ച പരിശീലന മന്ദിരത്തിൽ എയർകണ്ടീഷനുകൾ സ്ഥാപിക്കുന്നതിനാലും അയ്യങ്കാളി ഭവനിൽ പ്രവർത്തിക്കുന്ന ഫീൽഡ് സ്റ്റേഷനിലെ വൈദ്യുതി ചാർജിനത്തിൽ 57,000 രൂപ കുടിശ്ശികയുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 85,000 രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-05-3—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഓഫീസ്ചെലവുകൾ-ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 47,000 രൂപ (നോൺ പ്ലാൻ)

24. വകുപ്പിന് നിലവിലുള്ള മൂന്ന് ടെലിഫോൺ കണക്ഷനുകൾ, ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN കണക്ഷനുകൾ എന്നിവയ്ക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40,000 രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-05-4—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 12,000 രൂപ (നോൺ പ്ലാൻ)

25. കിർത്താഡ്സിലെ ഓഫീസ് ചെലവുകൾക്കായി നാമമാത്രമായ തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. കിർത്താഡ്സിന്റെ ക്യാമ്പസ്, കെട്ടിടങ്ങൾ എന്നിവ വൃത്തിയാക്കൽ, അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റൽ മറ്റ് അടിയന്തര ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60,000 രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-06—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 30,000 രൂപ (നോൺ പ്ലാൻ)

26. 6-3-2019-ലെ 540/2019/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വകപ്പിന്റെ വസ്തു നികുതി 1,50,000 രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുള്ളതിനാലും മുൻവർഷങ്ങളിലെ കുടിശ്ശിക തുകയായ 7,83,983 രൂപ അടയ്ക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9.04 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-21-2—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം : 21,000 രൂപ (നോൺ പ്ലാൻ)

27. കിർത്താഡ്സ് എല്ലാ വർഷവും സംസ്ഥാനത്തെ പട്ടികവിഭാഗക്കാർക്കായി വിവിധ പരിശീലന ഗവേഷണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ടി പരിപാടികൾക്കും ജാതി സംബന്ധമായ കേസുകളുടെ അന്വേഷണത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി ഉപയോഗിച്ചുവരുന്നു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമുള്ള ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-26—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഔദ്യോഗിക ഭാഷാ പ്രയോഗം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

28. ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്താനും ഔദ്യോഗിക ഭാഷാ നയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാനും ബഡ്ജറ്റിൽ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-45—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം : 16,000 രൂപ (നോൺ പ്ലാൻ)

29. വിവിധ പരിശീലന പരിപാടികൾക്കും ജാതി സംബന്ധമായ കേസുകളുടെ അന്വേഷണത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി ഉപയോഗിച്ചുവരുന്നതിനാൽ ഇന്ധനചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-99—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വിവരസാങ്കേതികവിദ്യ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

30. വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വകുപ്പിലേക്ക് ആവശ്യമായ സോഫ്റ്റ്‌വെയറുകൾ വാങ്ങുന്നതിനും ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പിന്നാക്ക വിഭാഗ വികസന വകുപ്പ്**

2225-03-001-98—ഓഫീസ് ഓട്ടോമേഷൻ ഉപകരണങ്ങളും ഭരണവും

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം (പ്ലാൻ)

31. വകുപ്പിനുകീഴിൽ കൊല്ലം, പാലക്കാട് എന്നീ ജില്ലകളിൽ രണ്ട് പുതിയ ആഫീസുകൾ ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ആഫീസുകൾ സജ്ജമാക്കുന്നതിനും അവിടങ്ങളിലേക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്റർ, ഫോട്ടോകോപ്പിയർ, സ്കാനർ, ഫർണിച്ചറുകൾ തുടങ്ങിയവ വാങ്ങുന്നതിനും വാഹന വാടകയ്ക്കുമായി അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-102-99—പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള ഓട്ടോമൊബൈൽ തൊഴിൽ പരിശീലനം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

32. ഇതുവരെ ഓട്ടോമൊബൈൽ മേഖലയിൽ മാത്രം ആനുകൂല്യം അനുവദിച്ചുവരുന്ന പ്രസ്തുത പദ്ധതി ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി രംഗങ്ങളിൽകൂടി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-102-98—ബാർബർ ഷോപ്പുകൾ നവീകരിക്കുന്നതിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 35 ലക്ഷം രൂപ (പ്ലാൻ)

33. സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ട ബാർബർ തൊഴിലാളികളുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിനും തൊഴിലിടം ആധുനികവൽക്കരിക്കുന്നതിനും നവീന ഉപകരണങ്ങൾ വാങ്ങുന്നതിനും ഗ്രാന്റ് നൽകുന്ന പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ ഗ്രാന്റ് അനുവദിച്ചവർക്ക് അർഹമായ രണ്ടാം ഗഡു തുക കൂടി നൽകേണ്ടതിനാലും 2020-21 മുതൽ ഈ പദ്ധതി മുനിസിപ്പാലിറ്റി. കോർപ്പറേഷൻ പരിധിയിലേക്കുകൂടി വ്യാപിപ്പിച്ചിട്ടുള്ളതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-102-94—<u>കുംഭാര കോളനികളുടെ വികസനം</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

34. സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളി സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കുവാൻ ലക്ഷ്യമിടുന്നത്. 2020-21-ൽ പരമാവധി 5 കോടി രൂപ ചെലവഴിച്ച് കോളനികളുടെ വികസനം ലക്ഷ്യമിടുന്നതിനാൽ <u>ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2225-03-277-99-12—<u>മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും</u>

ബഡ്ജറ്റ് വിഹിതം : 182 കോടി രൂപ (നോൺ പ്ലാൻ)

35. പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെയും തെരഞ്ഞെടുക്കപ്പെട്ട 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനും എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി കെ.പി.സി.ആർ. ആനുകൂല്യം അനുവദിക്കുന്നതിനും ഈ ശീർഷകത്തിലെ വിഹിതം ഉപയോഗിക്കുന്നു. പ്രസ്തുത പദ്ധതിയിൽ കെ.പി.സി.ആർ. പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യത്തിന്റെ നിരക്ക് നിലവിലെ നിരക്കിന്റെ ഇരട്ടിയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ <u>ഈ ശിർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2225-03-277-92-12—<u>മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (50% കേന്ദ്ര സഹായം)-സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും)</u>

ബഡ്ജറ്റ് വിഹിതം : 36 കോടി രൂപ (പ്ലാൻ)

36. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുടുംബവാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത മറ്റ് പിന്നാക്കവിഭാഗങ്ങളിൽപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായത്തോടെ പ്രതിവർഷം 1,500 രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചുവരുന്ന പ്രസ്തുത പദ്ധതിക്ക് മുൻ വർഷങ്ങളിൽ 50 കോടി രൂപ വകയിരുത്തി

യിരുന്നുവെങ്കിലും 2020-21 സാമ്പത്തിക വർഷം മുതൽ 36 കോടി രൂപ മാത്രമാണ് അനുവദിച്ചുവരുന്നത്. സംസ്ഥാന വിഹിതത്തിന് തുല്യമായ തുക കേന്ദ്ര വിഹിതമായി ബഡ്ജറ്റിൽ വകയിരുത്താറുണ്ടെങ്കിലും കുറഞ്ഞ തുക മാത്രമാണ് കേന്ദ്രസർക്കാർ റിലീസ് ചെയ്യാറുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാന വിഹിതത്തിൽ 7 കോടി രൂപയോളം കുറവുവന്നതുമൂലം 46666 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കാനായിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-277-91-12—ഒ.ബി.സി.ക്ക് വിദേശപഠനത്തിനുള്ള ധനസഹായം-സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

ബഡ്ജറ്റ് വിഹിതം : 1.1 കോടി രൂപ (പ്ലാൻ)

37. വിദേശ സർവ്വകലാശാലകളിൽ മെഡിസിൻ, അഗ്രിക്കൾച്ചറൽ സയൻസ്, പ്യൂവർ സയൻസ്, മാനേജ്മെന്റ്, എഞ്ചിനീയറിംഗ്, നിയമം, സോഷ്യൽ സയൻസ് മേഖലകളിൽ ബിരുദാനന്തര ബിരുദവും Phd.യും ചെയ്യുന്ന പിന്നാക്കവിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി പരമാവധി 10 ലക്ഷം രൂപ വരെ അനുവദിക്കുന്ന പ്രസ്തുത പദ്ധതിക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-277-90—എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം/ട്രെയിനിംഗ്

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

38. പിന്നാക്കവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിംഗ് സർവ്വീസ്, സിവിൽ സർവ്വീസസ് UGC/JRF/NET, GATE, MAT തുടങ്ങിയ മത്സരപരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം, പ്രൊഫഷണലുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ സബ്സിഡി, ധനസഹായം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത പദ്ധതിയിനത്തിൽ, മാനദണ്ഡങ്ങൾ പ്രകാരം മത്സരപരീക്ഷാ പരിശീലന ധനസഹായത്തിന് അപേക്ഷിക്കാൻ അർഹതയുള്ളവരിൽ പകുതി പേർക്കുപോലും ധനസഹായം അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-277-88—പിന്നാക്ക വിഭാഗക്കാർക്കിടയിലുള്ള പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യവികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

39. മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ദ്ധർ, കൈപ്പണിക്കാർ, പൂർണ്ണ വൈദഗ്ദ്ധ്യമില്ലാത്ത തൊഴിലാളികൾ തുടങ്ങിയവർക്ക് തൊഴിൽ നൈപുണ്യ വികസനത്തിനും ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിനുമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിപ്രകാരം 23000-ൽപ്പരം അപേക്ഷകർക്ക് ആദ്യഗഡുവും മുൻവർഷങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ടാംഗഡുവും അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-800-99—പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മിഷൻ (സഹായധനം)

ബഡ്ജറ്റ് വിഹിതം : 19.759 കോടി രൂപ (നോൺ പ്ലാൻ)

40. കമ്മിഷൻ ചെയർമാൻ, മെമ്പർമാർ, മറ്റ് ജീവനക്കാർ എന്നിവർക്ക് ഓഫീസ് പ്രവർത്തനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ, മറ്റ് അനുബന്ധ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് 2225-03-800-99-35—മൂലധന ആസ്തികളുടെ രൂപീകരണം എന്ന ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമെ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപയും കമ്മീഷൻ അംഗങ്ങളുടെ ഔദ്യോഗിക ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് 2225-03-800-99-36—ശമ്പളേതരം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 35 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-800-85—പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 28 ലക്ഷം രൂപ (പ്ലാൻ)

41. ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽസ്ഥലം നവീകരിക്കുന്നതിനും യന്ത്രവൽക്കരിക്കുന്നതിനുംവേണ്ടി രണ്ടുഗഡുക്കളായി പരമാവധി 50,000 രൂപ വരെ ധനസഹായം അനുവദിക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ ആദ്യഗഡു തുക അനുവദിച്ചവർക്ക്

രണ്ടാം ഗഡു അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 22 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-800-81—ഒ.ബി.സി. യ്ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 12 ലക്ഷം രൂപ (നോൺ പ്ലാൻ)

42. സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നവർക്ക് ഒരു ലക്ഷം രൂപ വാർഷികവരുമാനത്തിന് വിധേയമായി പന്ത്രണ്ടായിരം രൂപ നിരക്കിൽ 3 വർഷത്തേക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി പ്രകാരം 2019-20, 2020-21 സാമ്പത്തികവർഷങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് മൂന്നാം ഗഡു, രണ്ടാം ഗഡു എന്നിവയും 2021-22-ലെ പ്രതീക്ഷിത അപേക്ഷകർക്ക് ആദ്യഗഡുധനസഹായവും അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-03-190-99—ഹരിജനങ്ങളിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

43. കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളിന്മേൽ വായ്പാവിതരണം നടത്തുന്നതിലേക്കായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-03-190-98—കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 13.5 കോടി രൂപ (പ്ലാൻ)

44. സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതിക്കായി നിലകൊള്ളുന്ന പ്രസ്തുത സ്ഥാപനം ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ ടി വിഭാഗങ്ങളുടെ പുരോഗതിക്കുതകുന്ന പരിപാടികൾ നടപ്പാക്കിവരുന്നു. ദേശീയ ഏജൻസികളിൽനിന്ന് ലഭിക്കുന്ന തുകയ്ക്ക് 10% ആനുപാതിക വിഹിതം നൽകേണ്ടതുള്ളതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 16.5 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-03-190-97—കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ മാർക്കറ്റിംഗ് വികസന കോർപ്പറേഷൻ-ഷെയർ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

45. സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ബജറ്റ് പ്രൊപ്പോസൽ അനുസരിച്ചുള്ള പദ്ധതി നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 4.5 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് : 10801.2058 കോടി രൂപ

ചാർജ് ചെയ്തത് : ഇല്ല

**സാമൂഹ്യനീതി വകുപ്പ്**

2235-02-101-89—വികലാംഗരുടെ ക്ഷേമം-വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1.2334 കോടി രൂപ (നോൺ പ്ലാൻ)

46. ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് നൽകുന്നതിനായി മുൻ സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് മുനിസിപ്പാലിറ്റി ശീർഷകങ്ങളിൽ ലഭിച്ച തുക അപര്യാപ്തമായിരുന്നതിനാലും മുൻ സാമ്പത്തിക വർഷം ട്രഷറി ക്യൂ സിസ്റ്റത്തിൽപ്പെട്ട ബില്ലുകൾക്കുള്ള തുക നടപ്പ് സാമ്പത്തിക വർഷത്തെ ഗ്രാന്റിൽനിന്നും നൽകേണ്ടി വന്നതിനാലും ഈ ശീർഷകത്തിൽ 1.5428656 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-101-85—ബധിരർക്കും മൂകർക്കുംവേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട്

ബഡ്ജറ്റ് വിഹിതം : 17 കോടി രൂപ ( പ്ലാൻ)

47. നിഷിന്റെ വികസനത്തിന് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി ഉദ്ദേശം 2 ലക്ഷം സ്ക്വയർഫീറ്റുള്ള കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളോടുംകൂടിയ അക്കാഡമിക്/ക്ലിനിക്കൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ ചെലവിനായി ഈ ശീർഷകത്തിൽ 5.21 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-101-69(10)—വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമുള്ള സംസ്ഥാന സംരംഭം-ഫിസിക്കൽ മെഡിസിന്റെയും റീഹാബിലിറ്റേഷന്റെയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 8 കോടി രൂപ ( പ്ലാൻ)

48. കുട്ടികളിലും മുതിർന്നവരിലുമുള്ള വിവിധതരം വൈകല്യങ്ങളെ കണ്ടെത്തി ആവശ്യമായ രീതിയിൽ ഇടപെടുന്നതിന് പരിശീലിപ്പിക്കുന്നതിനും പുനരധിവാസത്തിനും ഗവേഷണത്തിനുമായുള്ള സ്ഥാപനമാണ് നിപ്മർ. ഈ സ്ഥാപനത്തെ ഭിന്നശേഷി മേഖലയിലെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തേണ്ടുന്ന നടപടികൾ അവസാനഘട്ടത്തിലാണെന്ന് സമിതി വിലയിരുത്തുന്നു. ഇത് പൂർത്തിയാക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-101-55—അനാമയം സമഗ്ര ഇൻഷ്വറൻസ് പദ്ധതി

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

49. ഉയർന്ന പിന്തുണ ആവശ്യമായ ഭിന്നശേഷിക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുവാൻ സംസ്ഥാന സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതിയായ അനാമയം സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് വിപുലമായ പ്രവർത്തനമേഖലയാണുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. ടി പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായി ടോക്കൺ പ്രൊവിഷൻ മാത്രമെ അനുവദിച്ചിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 99.99 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-104-98-(36)—വൃദ്ധൻമാരുടെയും ക്ഷീണിതരുടെയും അഗതികളുടെയും സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 34.3872 കോടി രൂപ (നോൺ പ്ലാൻ)

50. മുനിസിപ്പാലിറ്റി ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ഗ്രാന്റ് കുടിശ്ശികയുള്ളതിനാൽ ഈ ശീർഷകത്തിൽ 3.88385 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-104-89-(31)—അനാഥാലയ നിയന്ത്രണ ബോർഡ് -സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 31.23 ലക്ഷം രൂപ (നോൺ പ്ലാൻ)

51. അനാഥാലയ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൗൺസലർമാർക്ക് ഓണറേറിയം എന്നിവ നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.38957 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-107-98-(36)—സന്നദ്ധ സംഘടനകൾക്കുള്ള സഹായം-സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ-സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 11.5932 കോടി രൂപ (നോൺ പ്ലാൻ)

52. 2019-20 സാമ്പത്തികവർഷം ട്രഷറി ക്യൂ സിസ്റ്റത്തിൽപ്പെട്ട ബില്ലുകൾ മാറിനൽകാൻ സാധിക്കാത്തതിനാലും ടി തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും നൽകേണ്ടിവന്നതിനാലും നടപ്പുസാമ്പത്തികവർഷം വയോജന സംരക്ഷണ കേന്ദ്രങ്ങൾക്ക് ഗ്രാന്റ് പൂർണ്ണമായും നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.6164951 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 35 ലക്ഷം രൂപ (നോൺ പ്ലാൻ)

53. കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും ഭരണ നിർവ്വഹണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72(02)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി-തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽതന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം-(ആശ്വാസ കിരണം)

ബഡ്ജറ്റ് വിഹിതം : 40 കോടി രൂപ (പ്ലാൻ)

54. ആശ്വാസകിരണം പദ്ധതിയിൽ പ്രതിമാസം 600 രൂപയാണ് നിലവിൽ അനുവദിക്കുന്നത്. നിലവിലെ 102505 ഗുണഭോക്താക്കൾക്കും 2021-22 വർഷം പുതുതായി

പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്കും കുടിശ്ശിക തീർത്ത് ധനസഹായം വിതരണം ചെയ്യുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 144.1254 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72 (07)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി - വയോമിത്രം

ബഡ്ജറ്റ് വിഹിതം : 24 കോടി രൂപ (പ്ലാൻ)

55. വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസലിംഗ് എന്നിവ നൽകി ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്ന പ്രസ്തുത പദ്ധതി പ്രകാരം 2020-21 സാമ്പത്തികവർഷം മരുന്ന് വാങ്ങിയ വകയിൽ KMSCL-ന് നൽകേണ്ട കുടിശ്ശിക തുകയായ 24 കോടി രൂപ നൽകുന്നതിനും നടപ്പുവർഷത്തെ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 36.1764 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72 (25)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി -സമാശ്വാസം

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

56. സമാശ്വാസം പദ്ധതി പ്രകാരം നിലവിലെ 8479 ഗുണഭോക്താക്കൾക്ക് പ്രതിമാസ ധനസഹായം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25.2325 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-800-98—മിശ്രവിവാഹങ്ങൾ

ബഡ്ജറ്റ് വിഹിതം : 1.456 കോടി രൂപ (നോൺ പ്ലാൻ)

57. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരിൽ നിന്നും 2014 മുതൽ 2019 വരെ ലഭിച്ച 2979 പെൻഡിംഗ് അപേക്ഷകൾക്ക് 30,000 രൂപ വീതം ധനസഹായം അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.937 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4235-02-102-88—ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകളുടെ നിർമ്മാണം

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

58. കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാമുരടിപ്പും പ്രാംരംഭ പരിശോധനയിൽ തന്നെ കണ്ടെത്താനും ഇടപെടൽ നടത്താനും ഉദ്ദേശിച്ച് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ തുടങ്ങുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മരാമത്ത് പണികൾക്കായി 5 സെന്ററുകൾക്കുകൂടി പണം അനുവദിക്കുവാനുള്ളതിനാൽ ഈ ശീർഷകത്തിൽ 6.5 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വനിതാ ശിശുവികസന വകുപ്പ്**

2235-02-001-90—വനിതാ ശിശുവികസന ഡയറക്ടറാഫീസ്

ബഡ്ജറ്റ് വിഹിതം : 3.0074 കോടി രൂപ (നോൺ പ്ലാൻ)

59. വനിതാ ശിശുവികസന വകുപ്പിനുകീഴിൽ ജില്ലാ തലത്തിൽ ഓഫീസ് സംവിധാനം നിലവിൽവന്നിട്ടുള്ളതിനാൽ 14 ജില്ലാ ഓഫീസുകളിലെയും ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കും നിലവിലെ വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 11.5763 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-62—കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മനഃശാസ്ത്ര സേവനം

ബഡ്ജറ്റ് വിഹിതം : 26.8 കോടി രൂപ (പ്ലാൻ)

60. സ്കൂളുകളിൽ കൗമാരക്കാരായ വിദ്യാർത്ഥിനികൾക്ക് കൗൺസലിംഗും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് നിയോഗിച്ചിട്ടുള്ള സൈക്കോ സോഷ്യൽ കൗൺസലർമാർക്ക് വർദ്ധിപ്പിച്ച നിരക്കിൽ ഓണറേറിയം നൽകുന്നതിനും മറ്റ് പ്രതീക്ഷിത ചെലവുകൾക്കും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.8842 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-55—അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം

ബഡ്ജറ്റ് വിഹിതം : 396.9985 കോടി രൂപ (നോൺ പ്ലാൻ)

61. പത്ത് വർഷത്തിനുതാഴെ സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകർക്ക് 500 രൂപയും അതിനുമുകളിൽ സേവനകാലയളവുള്ളവർക്ക് 1,000 രൂപയും പ്രതിമാസ അലവൻസിൽ

വർദ്ധനവ് അനുവദിച്ചതിൻപ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള തുക നൽകുന്നതിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 65.0466 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-53—ചൈൽഡ് റൈറ്റ്സ് കമ്മീഷൻ

ബഡ്ജറ്റ് വിഹിതം : 4.4054 കോടി രൂപ (നോൺ പ്ലാൻ)

62. ചൈൽഡ് റൈറ്റ്സ് കമ്മീഷന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ വാഹനവാടകയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-47—ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള എകീകൃത സേവനം (60% കേന്ദ്രസഹായം)

ബഡ്ജറ്റ് വിഹിതം : 470 കോടി രൂപ (പ്ലാൻ)

63. വനിതാ ശിശുവികസന വകുപ്പിനുകീഴിലെ 174 ഐ.സി.ഡി.എസ്.കളിലേയും 3 പ്രോഗ്രാം ഓഫീസുകളിലെയും ഡയറക്ടറേറ്റിലെയും കരാർ വാഹനങ്ങൾക്ക് വാടക നൽകുന്നതിന് ടി ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. കരാർ വാഹനങ്ങളുടെ വാടക നൽകുന്നതിനും സർക്കാർ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.326 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-23—കോവിഡ് 19 മഹാമാരിമൂലം അനാഥരാക്കപ്പെട്ട കുട്ടികൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

64. കോവിഡ് 19 മഹാമാരിമൂലം മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിന് 2021-22 സാമ്പത്തിക വർഷത്തെ ഭേദഗതി ബഡ്ജറ്റിൽ 5 കോടി രൂപ പ്രത്യേക പാക്കേജായി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 4.9999 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ്- അംശദാനം

ബഡ്ജറ്റ് വിഹിതം : 96.20 ലക്ഷം രൂപ (നോൺ പ്ലാൻ)

65. ബോർഡിന്റെ ഭരണ ചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനുമായി 2020-21 വർഷത്തേയ്ക്ക് ബോർഡിന്റെ ഫിനാൻസ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതമായി 1,30,75,140 രൂപ ആവശ്യമായി വരുന്നു. ഇതിനുപുറമെ 2018-19 വർഷത്തെ ഭരണചെലവുകൾക്കായി കേന്ദ്ര ബോർഡ് അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമുള്ള 59,52,225 രൂപ കുടിശ്ശികയിനത്തിൽ സർക്കാരിൽനിന്നും ലഭിക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 94.07 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-89—വനിതകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ

ബഡ്ജറ്റ് വിഹിതം : 1.34 കോടി രൂപ (പ്ലാൻ)

66. വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നതിന് നഴ്സുമാരെ പ്രാപ്തരാക്കുന്നവിധം നൈപുണ്യ വികസന പരിശീലനം (ASEP-N-Advanced Skill Enhancement Programme for Nurses), അവസാന വർഷ ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥിനികൾക്കായുള്ള ഭാഷാ നൈപുണ്യ പരിശീലനം എന്നീ പദ്ധതികൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 6.86 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-85—ഗാർഹിക പീഡന നിരോധന നിയമം നടപ്പാക്കൽ

ബഡ്ജറ്റ് വിഹിതം : 1.725 കോടി രൂപ (നോൺ പ്ലാൻ)

67. ഗാർഹിക പീഡന നിരോധന നിയമം നടപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഈ ഓഫീസുകളിലെ വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ്, മറ്റ് ചെലവുകൾ എന്നിവ വഹിക്കുന്നതിനും ഇവരുടെ ടി.എ. നൽകുന്നതിനും നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-80—<u>ജെൻഡർ പാർക്ക്</u>

ബഡ്ജറ്റ് വിഹിതം : 15.5046 കോടി രൂപ (പ്ലാൻ)

68. കോഴിക്കോട്ടുള്ള ജെൻഡർ പാർക്കിൽ വനിതകൾക്കായി അന്താരാഷ്ട്ര വിപണന കേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ആയതിന് തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 24.5 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-02-103-77—<u>വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 40 ലക്ഷം രൂപ (നോൺ പ്ലാൻ)

69. വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം കൂടുതലായതിനാൽ അർഹതയുള്ള എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിന് കഴിയാത്ത സാഹചര്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-02-103-68 (01)—<u>വനിതാ വികസന പദ്ധതി-നിർഭയ പദ്ധതികൾ</u>

ബഡ്ജറ്റ് വിഹിതം : 24 കോടി രൂപ (പ്ലാൻ)

70. വിധവകൾ, അവിവാഹിതർ/വിവാഹമോചനം നേടിയവർ, ഒറ്റയ്ക്ക് താമസിക്കുന്നവർ, പാർശ്വവൽക്കരിക്കപ്പെട്ട വനിതകൾ, ദുഷ്കരമായ സാഹചര്യങ്ങളിൽ വസിക്കുന്ന സ്ത്രീകൾ എന്നിവരുടെ പുനരധിവാസത്തിന് അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിനും പദവിപഠനം, സാഹചര്യവിശകലനം സർവ്വേകൾ/പഠനങ്ങൾ എന്നിവ നടത്തുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-02-103-52—ശ്രീമതി ദാക്ഷായണി വേലായുധൻ അവാർഡ്

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

71. 2020-21 സാമ്പത്തികവർഷം മുതൽ പ്രസ്തുത അവാർഡ് നൽകുന്നതിന് സർക്കാരിൽനിന്നും ഭരണാനുമതി ഉത്തരവ് ലഭിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1.14 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-104-99—ശ്രീ ചിത്രാ ഹോം സഹായധനം

ബഡ്ജറ്റ് വിഹിതം : 74.01 ലക്ഷം രൂപ (നോൺ പ്ലാൻ)

72. ശ്രീചിത്രാ ഹോമിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി 2017-18 സാമ്പത്തികവർഷത്തിൽ 2 കോടി രൂപ അധികതുകയായി വകയിരുത്തിയിരുന്നുവെങ്കിലും ആയത് സ്ഥാപനത്തിന് ലഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ടി തുക അനുവദിക്കുന്നതിനും ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തി ശമ്പളം നൽകുന്നതിനും കുട്ടികളുടെ വിദ്യാഭ്യാസ സംരക്ഷണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 61.7001 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-104-96—സാധുഭവനങ്ങൾ, യാചകകേന്ദ്രങ്ങൾ, അബലാമന്ദിരം മുതലായവ

ബഡ്ജറ്റ് വിഹിതം : 4.176 കോടി രൂപ (നോൺ പ്ലാൻ)

73. വകുപ്പിന്റെകീഴിൽ ആലപ്പുഴയിലുള്ള ബാലസദനത്തിന്റെയും കോഴിക്കോട് പ്രവർത്തിക്കുന്ന ആശാ ഭവൻ, ഷോർട്ട് സ്റ്റേ ഹോം എന്നീ സ്ഥാപനങ്ങളിലെയും അന്തേവാസികളുടെ ഭക്ഷണം, മരുന്ന്, വസ്ത്രം എന്നീ ചെലവുകൾക്കും 15 ക്ഷേമ സ്ഥാപനങ്ങളിലെ വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ്, താൽക്കാലിക ജിവനക്കാരുടെ ദിവസവേതനം എന്നീ ചെലവുകൾ വഹിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.82 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-104-94—ബാലമന്ദിരങ്ങളിൽ വ്യാവസായിക ഘടകങ്ങൾ ആരംഭിക്കൽ (ടെക്നിക്കൽ ട്രെയിനിംഗും ഡെവലപ്മെന്റും)

ബഡ്ജറ്റ് വിഹിതം : 5,000 രൂപ (നോൺ പ്ലാൻ)

74. വകുപ്പിന്റെകീഴിലുള്ള ജുവനൈൽ ഹോമുകളിലും സ്പെഷ്യൽ ഹോമുകളിലുമുള്ള കുട്ടികൾക്ക് ആശാരിപ്പണി, തയ്യൽ, നെയ്ത്ത്, മൂന്നുചക്രവാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, കമ്പ്യൂട്ടർവർക്ക്സ്, പ്ലംബിംഗ്, ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ കേടുപാടുകൾ തീർക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പരിശീലനപരിപാടികൾ ആവിഷ്കരിക്കുന്നതിനുവേണ്ടി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-106-94—സങ്കേത ഭവനങ്ങളും പരിരക്ഷാലയങ്ങളും

ബഡ്ജറ്റ് വിഹിതം : 2.9625 കോടി രൂപ (നോൺ പ്ലാൻ)

75. വകുപ്പിന്റെകീഴിലുള്ള ജുവനൈൽ ഹോമുകൾ, സ്പെഷ്യൽ ഹോമുകൾ, കെയർ/ആഫ്റ്റർ കെയർ ഹോമുകൾ, പകൽപരിപാലനകേന്ദ്രം എന്നിവിടങ്ങളിലെ അന്തേവാസികളുടെ സംരക്ഷണ ചെലവിനും ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, യാത്രാബത്ത, കരം, നികുതി എന്നീ ആവശ്യങ്ങൾക്കുമായി ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നു. മുൻസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വാട്ടർ ചാർജ്, വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ്, അദർ ചാർജസ് എന്നീ ഇനങ്ങളിൽ വകയിരുത്തിയിരുന്ന തുക മുഴുവനും വിനിയോഗിച്ചതിനാലും കീഴ്കാര്യാലയങ്ങളിൽ കുടിശ്ശിക നൽകുവാനുള്ളതിനാലും ഈ ശീർഷകത്തിൽ 40.45 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-106-91—വിവിധ ശിശുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ജുവനൈൽ ജസ്റ്റിസ് ഫണ്ട്

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

76. 2020-21 സാമ്പത്തിക വർഷം ബാലനിധി ഫണ്ട് ഇനത്തിൽ അനുവദിച്ച 10 ലക്ഷം രൂപയും വിനിയോഗിച്ചതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്ത് കോവിഡ് 19 മഹാമാരിമൂലം കുട്ടികൾക്ക് മാതാപിതാക്കളെ നഷ്ടപ്പെടുകയും അനാഥരാവുകയും ചെയ്യുന്ന സാഹചര്യം സംജാതമായിരിക്കുന്നതിനാൽ ടി ശീർഷകത്തിൽ കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72(01)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-ക്യാൻസർ ബാധിതരായ കുട്ടികൾക്കുവേണ്ടിയുള്ള സുരക്ഷാ പദ്ധതി

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

77. ക്യാൻസർ രോഗം ബാധിച്ച 18 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന ഈ പദ്ധതി പ്രകാരം എം.-പാനൽ ചെയ്തിട്ടുള്ള ആശുപത്രികൾക്ക് മുൻവർഷത്തെ കുടിശ്ശികയിനത്തിൽ 18 കോടി രൂപ നൽകുന്നതിനും ഈ സാമ്പത്തിക വർഷം മികച്ച രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 23 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72(03)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി-അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹസ്പർശം)

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

78. അവിവാഹിതരായ അമ്മമാരെയും അവരുടെ കുട്ടികളെയും പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സ്നേഹസ്പർശം പദ്ധതിയിലൂടെ പ്രതിമാസം 2,000 രൂപ ധനസഹായം നൽകിവരുന്നു. നിലവിലുള്ള ഗുണഭോക്താക്കൾക്ക് കുടിശ്ശികയും പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായവും അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.6832 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72(05)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-താലോലം പദ്ധതി

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

79. ജന്മനായുള്ള ഹൃദയവൈകല്യങ്ങൾ, ജനിതക രോഗങ്ങൾ, മറ്റ് ഗുരുതര രോഗങ്ങൾ എന്നിവയാൽ കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാക്കുന്ന താലോലം പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി SCTIMST-ന് 4 കോടി രൂപ അനുവദിക്കേണ്ടതുള്ളതിനാലും നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72-(11)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-സ്നേഹപൂർവ്വം

ബഡ്ജറ്റ് വിഹിതം : 17 കോടി രൂപ (പ്ലാൻ)

80. മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശികയും പുതിയ അപേക്ഷകർക്കുള്ള സഹായവും നൽകുന്നതിന് കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50.9447 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72-21—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതി

ബഡ്ജറ്റ് വിഹിതം : 3.8 കോടി രൂപ (പ്ലാൻ)

81. ടി പദ്ധതി പ്രകാരം നിലവിലുള്ള 900 ഗുണഭോക്താക്കൾക്കും ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന 200-ഓളം ഗുണഭോക്താക്കൾക്കും മരുന്നിനും ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.35 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4235-02-102-86—വെള്ളപ്പൊക്കത്തിൽ നാശം സംഭവിച്ച അങ്കണവാടി കേന്ദ്രങ്ങളുടെ പുതുക്കൽ

ബഡ്ജറ്റ് വിഹിതം : 20 ലക്ഷം രൂപ (പ്ലാൻ)

82. 2018-ലെ പ്രളയത്തിൽ നശിച്ച 9 അങ്കണവാടികളുടെ പുനർനിർമ്മാണത്തിനായി 1.55 കോടി രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1.35 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4235-02-102-85—സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണം (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല

83. അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് അങ്കണവാടി കെട്ടിടം

നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടം നവീകരിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ SDG മുഖേന ടി ശീർഷകത്തിൽ 1,000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി ശീർഷകവും തുകയും അനുവദിച്ച് നൽകിയിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2021-22-ലെ ബഡ്ജറ്റിൽ ടി ശീർഷകം അനുവദിച്ച് അതിൽ 1,000 രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആഭ്യന്തര വകുപ്പ്**

2235-02-106-98—ദുർഗുണ പരിഹാര പാഠശാല

ബഡ്ജറ്റ് വിഹിതം : 1.9850 കോടി രൂപ (നോൺ പ്ലാൻ)

84. ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികൾക്കുള്ള അടിയന്തര ചികിത്സാ ചെലവ്. മരുന്ന്, മറ്റ് ചെലവുകൾ എന്നിവയിലും സ്ഥാപനത്തിലെ വെള്ളക്കരം, വൈദ്യുതി ചാർജ് എന്നിവയിലും ഉണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതുഭരണ വകുപ്പ്**

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 31.24 കോടി രൂപ (പ്ലാൻ)

85. 2019-20 സാമ്പത്തികവർഷം വിജയകരമായി നടപ്പിലാക്കിയ ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയ മംഗല്യ സമുന്നതി പദ്ധതിക്ക് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വരുത്തിയിട്ടില്ല. കൂടാതെ മുന്നാക്ക സമുദായങ്ങളിലെ ഏറ്റവും ജനശ്രദ്ധ നേടിയ പദ്ധതിയായ ഭവന സമുന്നതി പദ്ധതിയിൽ ജീർണ്ണാവസ്ഥയിലുള്ള അഗ്രഹാരങ്ങളുടെയും വീടുകളുടെയും നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി മുൻസാമ്പത്തിക വർഷങ്ങളിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും നിലവിൽ ഇത് അഗ്രഹാരങ്ങളുടെ മാത്രം നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി പരിമിതപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി മംഗല്യ സമുന്നതി പദ്ധതിക്ക് 5 കോടി രൂപയും ഭവനപുനരുദ്ധാരണ പദ്ധതിക്കായി 7.26 കോടി രൂപയും ഉൾപ്പെടെ ആകെ 12.26 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 88.53 ലക്ഷം രൂപ (നോൺ പ്ലാൻ)

86. കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനിൽ ശമ്പള പരിഷ്കരണം നിലവിൽവന്നിരിക്കുന്നതിനാലും 2019 ജനവരി മുതലുള്ള ഡി.എ. അരിയർ നൽകേണ്ടതായ സാഹചര്യത്തിലും കൂടാതെ പുതിയ ചെയർമാൻ ചാർജെടുക്കേണ്ട സാഹചര്യം സംജാതമായതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.25 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-800-81-31—മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 1.877 കോടി രൂപ (നോൺ പ്ലാൻ)

87. മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷനിലെ അംഗങ്ങൾക്ക് പേ റിവിഷൻ അരിയർ, ഡി.എ. അരിയർ, പുതുക്കിയ ശമ്പളം എന്നിവ നൽകുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.023 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-800-81-36—മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ-സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 40 ലക്ഷം രൂപ (നോൺ പ്ലാൻ)

88. കേരള ആക്ട് 2/2016 പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മീഷന്റെ 9-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി സാമൂഹിക സാമ്പത്തിക

സർവ്വേ നടത്തുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-107-99-27—സ്വാതന്ത്ര്യസമര യോദ്ധാക്കൾക്കുള്ള പെൻഷൻ ചെലവുകൾ-പെൻഷൻ

ബഡ്ജറ്റ് വിഹിതം : 45 കോടി രൂപ (നോൺ പ്ലാൻ)

89. സ്വാതന്ത്ര്യസമര സേനാനികൾക്ക് പെൻഷനോടൊപ്പമുള്ള പുതുക്കിയ ക്ഷാമാശ്വാസവും ക്ഷാമാശ്വാസ കുടിശ്ശികയും നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സൈനികക്ഷേമ വകുപ്പ്**

2235-60-200-94—വിമുക്ത ഭടൻമാരുടെ കുട്ടികൾക്ക് ധനസഹായം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (നോൺ പ്ലാൻ)

90. വിമുക്ത ഭടൻമാരുടെ കുട്ടികൾക്കുള്ള ധനസഹായത്തിനുപുറമെ അമാൽഗമേറ്റഡ് ഫണ്ടിലെ രണ്ട് പദ്ധതികൾകൂടി ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-85—സൈനികകേന്ദ്രം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണിക്കും രാജ്യ സൈനിക ബോർഡിന് സഹായം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ ( നോൺ പ്ലാൻ)

91. വയനാട് തോമാട്ടുച്ചാൽ ഉള്ള സ്ഥലത്തിന്റെ കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനും കൊല്ലം തേവള്ളിയിൽ സൈനിക് റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.1233 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-71—<u>ജവാൻമാർക്കുവേണ്ടിയുള്ള ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം-ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

92. 4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ്ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുകയായ 12.97 കോടി രൂപയിൽ 7 കോടി 97 ലക്ഷം രൂപ സർക്കാരിൽനിന്നും നാളിതുവരെയും ലഭിക്കാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽനിന്നും നൽകിവരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാനും പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും നിർവാഹമില്ലാത്ത സാഹചര്യം നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 7.97 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**കെ. രാധാകൃഷ്ണൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2021 ജൂൺ 30.